# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 207

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച നാം സഭയായി ക്രിസ്തീയ കുടുംബദിനം ആചരിക്കുകയാണ്. കുടുംബം ദൈവത്തിന്റെ അനുഗ്രഹവും മഹത്തായ ദാനവുമത്രെ. ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നതിന്റെ ആദ്യ പടിയാണ് ക്രിസ്തീയ കുടുംബം. കുടുംബം കുടുംബമായി നമുക്ക് ലഭിച്ചിരിക്കുന്ന കൃപകളെ ഓർത്തു സ്തോത്രം ചെയ്യുവാനും, നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുവാനുമായി ഈ ദിവസം ഉപയോഗിക്കാം.

ജീവിത മൂല്യങ്ങൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പര വിശ്വാസം, കരുതൽ, ജീവിത വിശുദ്ധി എന്നിവ അന്യമായിക്കൊണ്ടിരിക്കുന്നു. കുടുംബപ്രാർത്ഥന, തിരുവചനപഠനം എന്നിവയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. വ്യക്തിബന്ധങ്ങളും കുടുംബങ്ങളും ശിഥിലമായിക്കൊണ്ടിരിക്കുന്നു. ബന്ധങ്ങളിൽ തകർന്നുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ രക്ഷിക്കുവാനുള്ള ബാദ്ധ്യത നമുക്കുണ്ട്. ഫാമിലി കൗൺസിലിംഗ്, പ്രിമാരിററൽ കൗൺസിലിംഗ് എന്നിവ ഇടവക ജനങ്ങൾക്ക് ലഭ്യമാകുന്നതിന് കഴിവതും ശ്രമിക്കണം. യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ യാഥാർത്ഥ്യത അനുരഞ്ജനമാണ്, ഒത്തുതീർപ്പല്ല. ആയത് നമ്മുടെ വ്യക്തിബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലും യഥാർത്ഥ്യമാകണം. അഭിപ്രായവ്യത്യാസങ്ങൾ, തർക്കങ്ങൾ, കേസുകൾ ഇവ തീർപ്പാക്കുന്നതിനും സ്നേഹവും സൗഹാർദ്ദവും വർദ്ധിപ്പിക്കുന്നതിലും സഭാജനങ്ങൾ ബോധവാന്മാരാകണം.

ക്രിസ്തീയ കുടുംബദിനം കുടുംബങ്ങളുടെ പുനഃപ്രതിഷ്ഠയ്ക്കും സമർപ്പണത്തിനും ഉള്ള അവസരമാകണം. കുടുംബപ്രാർത്ഥന അർത്ഥവത്തും അനുഗ്രഹകരവുമാക്കിത്തീർക്കുന്നത് പതിവാക്കണം. അഴിമതി, ആഡംബരം, മദ്യപാനം മുതലായ ദോഷങ്ങൾ വിട്ടൊഴിയുമെന്ന് ഓരോ കുടുംബവും പ്രതിജ്ഞയെടുക്കണം. ആവശ്യത്തിലിരിക്കുന്നവർ, ഏകാന്തത അനുഭവിക്കുന്നവർ മുതലായവർക്ക് സഹായവും സ്നേഹവും നല്കുന്നതിന് ഇടവകയായി പ്രത്യേകം പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം. ഒക്ടോബർ 26–ാം തീയതി ഞായറാഴ്ച ആരാധനയിൽ, കുടുംബമായി ചേർന്നുവന്ന് കർത്തൃമേശയിൽ പങ്കെടുക്കണം. "ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" എന്ന് യോശുവ ഒരു നിർണ്ണായക കാലഘട്ടത്തിൽ പറഞ്ഞതു പോലെ ഇന്നത്തെ സാഹചര്യത്തിൽ, സാഹചര്യങ്ങളെ ഭയക്കാതെ പറയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഈ ചിന്തകളോടു കൂടെ ഈ സംവത്സരത്തിലെ ധ്യാനചിന്ത കളിലൂടെ കടന്ന് ഉദയത്തിന്റെ പെരുന്നാളിനായി കാത്തിരിക്കാം, ഒരുങ്ങാം. "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽനിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു." (ലൂക്കൊസ് 1:78-79)

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2014 ഒക്ടോബർ 4–ാം തീയതി,

Jmmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

Circular No.207

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

Beloved in Christ,

We, as a Church, are observing the Christian Family Day on Sunday 26th October. Family is a blessing from God and his great gift. The Christian family is the first step towards establishing the Kingdom of God on this earth. Let us use this day to thank God for all the mercies we have received as families and to dedicate ourselves anew before God.

In this age characterized by overall decadence of values, mutual trust, care, and purity of life are becoming alien to us. Family prayer and the study of the Word of God are being neglected. Personal relationships and families are breaking up. Only by collective and committed effort can save the families that are breaking up. We should make all efforts to offer family counselling and pre-marital counselling to the people of our parishes. Reconciliation, which is the manifest sign of salvation through Jesus Christ, should become a reality in our personal and family relationships. We should plan and execute programmes to end strifes, disputes and court cases and to cultivate love and friendship.

The Christian Family Sunday should become an occasion for the rededication of families and submission to God. On this occasion, each family should take the firm decision to stay away from evils such as corruption, extravagance, drinking, etc. Parishes should come forward with programmes to give help and love to those who are in need, and those who are lonely. On October 26th, Family Sunday, members of each family should come forward together and receive Holy Communion. As in the days of Joshua, so it is with us today, let us not be afraid of the circumstances, but be strong in faith and say the words of Joshua which he said during the critical days of his time "As for me and my household, we will serve the Lord". With this thought in mind let us wait and prepare ourselves for the Advent Festival this year, meditating on these devotional thoughts. "Our God is merciful and tender. He will cause the bright dawn of salvation to rise on us and to shine from heaven on all those who live in the dark shadow of death, to guide our steps into the path of peace." (Luke 1:78-79)

Grace be with you all.

Dated 4th October 2014 from the Poolatheen, Tiruvalla

Jmmalabari

**Dr. Joseph Mar Thoma Metropolitan**